**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2317 | 06.10.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

**കേന്ദ്രാവിഷ്കൃത ഭവന പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.കെ.രാജൻ<br>(ബഹു.റവന്യൂവും- ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ധന ജനവിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയിലെ മാനദണ്ഡങ്ങൾ പലതും സംസ്ഥാനത്തിന് ഗുണകരമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിച്ച് കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതി അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ബി.പി.എൽ ലിസ്റ്റിലുള്ള കുടുംബങ്ങൾക്കും ഇരുചക്ര വാഹനം/റഫ്രിജറേറ്റർ/ടെലഫോൺ എന്നിവയുണ്ട്. ഈ സാഹചര്യത്തിൽ, പി.എം.എ.വൈ (ജി) പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഒഴിവാക്കൽ പരിധികൾ, കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒഴിവാക്കി നൽകണമെന്നും സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയുടെ പരിധികൾ മാനദണ്ഡത്തിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ ഭവന നിർമ്മാണ രംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയുള്ള കേന്ദ്ര നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പി.എം.എ.വൈ (ജി) ഗുണഭോക്താക്കൾക്ക് ധനസഹായമായി 4 ലക്ഷം രൂപ നൽകുന്നതിൽ, 1.2 ലക്ഷം രൂപ അനുവദിക്കുന്നതോടൊപ്പം 2.8 ലക്ഷം രൂപ ത്രിതല പഞ്ചായത്തുകളുടെ വാർഷിക ബഡ്ജറ്റിൽ നിന്നും അധികമായി അനുവദിക്കുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾക്ക് പ്രസ്തുത തുക കണ്ടെത്തുന്നതിന് അധിക സമയം ആവശ്യമായി വരുന്നതിനാൽ, വീട് പൂർത്തീകരണത്തിനും സമയം അധികമായി വരുന്നുണ്ട്. ഈ സ്ഥിതി കണക്കിലെടുത്ത് പിഴ ഈടാക്കുന്നതിൽ നിന്നും കേരളത്തെ ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**